**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 554**

08/08/2017 ൽ മറുപടിക്ക്

## വ്യവസായ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ബാബു** | **ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് വ്യവസായവകുപ്പിനു കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) ഇതിൽ എത്ര സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ; | (ബി) ഇതിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ച് വരുന്നു. വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

# വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ

| ക്രമ നം | സ്ഥാപനങ്ങൾ |
|---|---|
| 1 | മലബാർ സിമൻറ്സ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻടസ്ട്രിയൽ ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ദി കേരള മിനറൽസ് ആൻറ് മെറ്റൽസ് ലിമിറ്റഡ് |
| 4 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 5 | ഫോറസ്റ്റ് ഇൻഡസ്ട്രിസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് മിനറൽ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 7 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 8 | കേരള ആർട്ടിസാൻസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഇൻറസ്ട്രിയൽ എൻറർപ്രൈസസ്സ് ലിമിറ്റഡ് |
| 10 | സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് |
| 11 | കെൽപാം |
| 12 | ദി മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 13 | ടെക്സ്ഫെഡ് |
| 14 | കെൽട്രോൺ കമ്പോണൻറ് കോംപ്ലക്സ് ലിമിറ്റഡ് |
| 15 | ഹാൻറക്സ് |
| 16 | സ്റ്റീൽ ആൻറ് ഇൻഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റ്ഡ് |
| 17 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 18 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 19 | കേരള സ്റ്റേറ്റ് ഹാൻഡ്ലൂം ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 20 | ഹാൻറി ക്രാഫ്റ്റ്സ് ഡവലപ്മെൻറ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് |
| 21 | കേരള സ്റ്റേറ്റ് ഡ്രഗ്ഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് |
| 22 | ആലപ്പി കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |

| | |
|---|---|
| 23 | ട്രാവൻകൂർ റ്റൈറ്റാനിയം പ്രൊഡ്ക്ട്സ് ലിമിറ്റഡ് |
| 24 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 25 | കേരള ക്ലേയിസ് ആൻറ് സിറാമിക്സ് പ്രൊഡക്റ്റ്സ് ലിമിറ്റഡ് |
| 26 | ദി കാനന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 27 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 28 | കേരള സ്മോൾ ഇൻട്രസ്ടീസ് ഡവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് |
| 29 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 30 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 31 | ദി ട്രാവൻകൂർ സിമൻറ്സ് ലിമിറ്റഡ് |
| 32 | ട്രാവൻകൂർ- കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 33 | ദി ക്വായിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 34 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 35 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 36 | കേരള ഇലക്ട്രിക്കൽ ആൻറ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 37 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 38 | കേരള സ്റ്റേറ്റ് ബാംബു കോർപ്പറേഷൻ ലിമിറ്റഡ് |
| 39 | ട്രാൻസ്ഫോർമേഴ്സ് ആൻറ് ഇലട്രിക്കൽസ് കേരള ലിമിറ്റഡ് |
| 40 | സെയിൽ എസ്.സി.എൽ കേരള ലിമിറ്റഡ് |
| 41 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 42 | കിൻഫ്ര |

സെക്ഷൻ ഓഫീസർ.

അനുബന്ധം -2



| | |
|---|---|
| | **ANNEXURE** |
| **Sl.No** | **Company** |
| | *Performing PSUs* |
| 1 | The Kerala Minerals and Metals Ltd |
| 2 | Kerala State Industrial Development Corporation Ltd |
| 3 | Travancore Titanium Products Ltd |
| 4 | Travancore-Cochin Chemicals Ltd |
| 5 | Malabar Cements Ltd |
| 6 | Kerala State Electronics Development Corporation Ltd |
| 7 | Steel and Industrial Forgings Ltd |
| 8 | Traco Cable Company Ltd |
| 9 | Transformers and Electricals Kerala Ltd |
| 10 | Forest Industries (Travancore) Ltd |
| 11 | Keltron Electro Ceramics Ltd |
| 12 | Steel Industrials Kerala Ltd |
| 13 | Kerala Artisan's Development Corporation Ltd |

സെക്ഷൻ ഓഫീസർ.

## അനുബന്ധം III

- ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിൻെറ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം റിയാബ് മുഖേന എല്ലാ മാസവും അവലോകനം ചെയ്തുവരുന്നു. ഇതിൻെറ ഭാഗമായി പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ സഹായകരമായിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിലും പ്രത്യേക അവലോകനങ്ങൾ നടത്തി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിവരുന്നു. പ്രവർത്തന അവലോകനങ്ങളുടെ ഫലമായി അനുകരണീയമാക്കാവുന്ന മാനേജ്മെൻറ് നടപടിക്രമങ്ങൾ മറ്റുള്ള സ്ഥപനങ്ങളിലേയ്ക്കും പകർന്നു നൽകുവാൻ സഹായകമായിട്ടുണ്ട്.

- പൊതുമേഖലാസ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെൻറ് മെച്ചപ്പെടുത്തുന്നതിൻെറയും അഴിമതി തടയുന്നതിൻെറയും ഭാഗമായി സ്ഥാപനങ്ങളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി അറിയുന്നതിനുവേണ്ടി കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റ് നടത്തുന്നതിനായി കമ്പനികളെ പ്രത്യേകം അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. വാണിജ്യ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും മാനേജ്മെൻറിൻെറ കാര്യക്ഷമത കൂട്ടുന്നതിനുമായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള സംവിധാനങ്ങളും ഉപയോഗിച്ചുവരുന്നു.

- 2016-17 സാമ്പത്തിക വാർഷികാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ ലാഭകരമാക്കുവാൻ സാധിച്ചു. കമ്പനികളുടെ മൊത്തം നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്.

- ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനഃരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്ക്കരിച്ചു വരുന്നു. ഇതിനുള്ള പദ്ധതി വിഹിതമായി 2017-18 സാമ്പത്തിക വർഷത്തെ

ബഡ്ജറ്റിൽ 270 കോടിരൂപയുടെ സഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്.

- പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തി.

- 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായി ഉന്നതതല കമ്മിറ്റി രൂപീകരിച്ചു. പ്രസ്തുത കോംപ്ലെക്സ് സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിൽ പന്മന വില്ലേജിലെ 150 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനായി കിൻഫ്രയെ ചുമതലപ്പെടുത്തി.

- ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾ 15 കോടി രൂപയുടെ അധിക ധനസഹായം നൽകുകവഴി അവ തുറന്നു പ്രവർത്തിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കിയിട്ടു ണ്ട് രൂപീകരിച്ച വിദഗ്ദ്ധ കമ്മറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിനു സമർപ്പിക്കുകയും അതനുസരിച്ചുള്ള പദ്ധതികൾ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.